# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2486.**

18..7..2011-ൽ മറുപടിക്ക്

## കുടുംബശ്രീകളുടെ സഹായത്തോടെ പശുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഗീതാഗോപി.** | **ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാൽ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) ഉണ്ട്; പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി ഒരു ലിറ്റർ പാലിന് നൽകുന്നത് ഇരട്ടിയായി വർദ്ധിപ്പിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വിതരണം ചെയ്യുന്ന എം.എസ്.ഡി.പി. പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ തീറ്റപ്പുൽകൃഷിയെ ഉൾപ്പെടുത്തുന്നതിനും കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും സ്കൂൾതലം മുതൽ കുട്ടികളിൽ പശുവളർത്തലിൽ താൽപര്യമുണ്ടാക്കുന്നതിനും, ഈ മേഖലയെക്കുറിച്ച് അറിവ് പകരുന്നതിനും ഡെയറി ക്ലബ്ബുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തീറ്റച്ചെലവ് കുറയ്ക്കാൻ നല്ലയിനം തീറ്റപ്പുൽ കൃഷി വിളകളും പാരമ്പര്യേതര കാലിത്തീറ്റ വിളകളും വിനിയോഗിക്കുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കും. കറവപ്പശുക്കളുടെ കറവകൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തും. പാലുൽപ്പാദനക്ഷമത പരമാവധി ഉപയോഗപ്പെടുത്തുന്നതിന് മിനറൽ മിക്സ്ച്ചർ, വിറ്റാമിൻ സപ്ലിമെന്റ് തുടങ്ങിയവ വിതരണം നടത്തും. |

| | |
|---|---|
| | കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് കറവയന്ത്രം വിതരണം നടത്തും. കാലിത്തീറ്റയുടെ വില വർദ്ധനവിന്റെയും മറ്റും ഫലമായി പാലുല്പാദന ചെലവ് വർദ്ധിച്ചിരിക്കുന്നതിനാൽ ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പശ്ചാത്തലത്തിൽ കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡിയുടെ നിരക്ക് ഇരട്ടിയാക്കാനും, ആയതിന്റെ ചെലവിലേയ്ക്കായി 3 കോടി രൂപ വകയിരുത്താനും ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതു കൂടാതെ, സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ ഡയറി ഫാമുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കുടുംബശ്രീകളുടെ സഹായത്തോടെ സങ്കര വർഗ്ഗത്തിൽപ്പെട്ട നല്ലയിനം പശുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) ഈ കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.